**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2627** **14-09-2023 - ൽ മറുപടിയ്ക്ക്**

**എം.എൽ.എ.ഫണ്ട് ഉപയോഗത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ.-പ്രത്യേക വികസന ഫണ്ട് (എസ്.ഡി.എഫ്), ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി നിർമ്മാണം നടത്തുന്നതിനായി എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ സാങ്കേതിക കാരണങ്ങൾ ചൂണ്ടികാട്ടി അനുമതി നിഷേധിക്കുന്ന സാഹചര്യം പരിശോധിക്കുമോ; | (എ) | എം.എൽ.എ.-പ്രത്യേക വികസന ഫണ്ട് (എസ്.ഡി.എഫ്), ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി നിർമ്മാണം നടത്തുന്നതിനായി എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ സാങ്കേതിക കാരണങ്ങൾ ചൂണ്ടികാട്ടി അനുമതി നിഷേധിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എം.എൽ.എ.-പ്രത്യേക വികസന ഫണ്ട് (എസ്.ഡി.എഫ്) , ആസ്തി വികസന ഫണ്ട് എന്നിവ പുതിയ സാങ്കേതിക വിദ്യകളും, രീതികളും നടപ്പാക്കുന്നതിന് സഹായകരമായ വിധത്തിൽ മാർഗ്ഗ നിർദ്ദേശങ്ങൾ പുതുക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) | എം.എൽ.എ.-പ്രത്യേക വികസന ഫണ്ട് (എസ്.ഡി.എഫ്),ആസ്തി വികസന ഫണ്ട് എന്നിവയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ നിലവിൽ പുരോഗതിയിലാണ്. |
| (സി) | റോഡുകളുടെ ടൈൽസ് വിരിയ്ക്കൽ, കോൺക്രീറ്റിംഗ്, ആശുപത്രികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് വാഹനങ്ങൾ അനുവദിയ്ക്കൽ, ജംഗ്ഷനുകളുടെ സൗന്ദര്യവത്കരണം, റോഡുകളുടെ ബി.എം.എസ്സ് ബി.സി. നവീകരണം തുടങ്ങിയ പ്രവൃത്തികൾക്ക് എ.ഡി.എഫ്, എസ്.ഡി.എഫ് ഫണ്ടുകൾ അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ? | (സി) | എം.എൽ.എ.-പ്രത്യേക വികസന ഫണ്ട് (എസ്.ഡി.എഫ്), ആസ്തി വികസന ഫണ്ട് എന്നിവയുടെ മാർഗ്ഗരേഖകളിലെ അനുബന്ധം 1-ൽ ഈ പദ്ധതികളിൽ അനുവദനീയമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമായി നിർവചിച്ചിട്ടുണ്ട്. ഇതിനുപരിയായി പുതിയ പ്രവൃത്തികൾ പ്രസ്തുത പദ്ധതികളിൻ കീഴിൽ ഉൾപ്പെടുത്തുന്ന കാര്യം മാർഗ്ഗനിർദ്ദേശങ്ങളുടെ പരിഷ്കരണത്തോടൊപ്പം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ